മി. സ്പീക്കർ: സർക്കുലേറ്റ് ചെയ്യപ്പെട്ട ചട്ടം 275 അനുസരിച്ചുള്ള മോഷനിൽ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ നിർദ്ദേശിച്ച ഭേദഗതികൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് സബ്സ്റ്റാന്റീവ് മോഷൻ അവതരിപ്പിക്കാവുന്നതാണ്.

## ചട്ടം 275 പ്രകാരമുള്ള സബ്സ്റ്റാന്റീവ് മോഷൻ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, " 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കേരളത്തിൽ ഉടനീളം പെയ്ത കനത്ത മഴയുടെ ഫലമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപകമായ വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടാവുകയും കേരളം ഇന്നോളം ദർശിച്ചിട്ടില്ലാത്ത തരത്തിലുള്ള പ്രകൃതിദുരന്തം ഏറ്റുവാങ്ങേണ്ട അവസ്ഥ സംജാതമാവുകയും ചെയ്തു. ഈ ദുരന്തം കേരളത്തിന്റെ സമസ്ത മേഖലകളിലും ഏൽപ്പിച്ച ആഘാതം ഇനിയും പൂർണ്ണമായി കണക്കാക്കപ്പെട്ടിട്ടില്ല. ശാസ്ത്രീയാടിസ്ഥാനത്തിൽ നാശനഷ്ടങ്ങളുടെയും പുനരധിവാസ-പുനർനിർമ്മാണ പ്രവർത്തനങ്ങളുടെയും കൃത്യമായ കണക്കുകൾ തയ്യാറാക്കാൻവേണ്ടി വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

കേരളത്തിലെ 981 വില്ലേജുകളിലായി 55 ലക്ഷത്തോളം ആളുകൾ പ്രളയ ദുരന്തത്തിന് ഇരയായതായി കണക്കാക്കപ്പെടുന്നു. ദുരന്തത്തിൽ 483 പേർ മരിക്കുകയും 14 പേരെ കാണാതാവുകയും ചെയ്തു. ഇതിനുപുറമെ ഗുരുതരമായ പരിക്കുകൾ പറ്റിയ 140 പേരും ഉണ്ട്. മരണസംഖ്യ പരമാവധി കുറയ്ക്കുകയും പ്രളയബാധിതരെ രക്ഷപ്പെടുത്തി സുരക്ഷിത സ്ഥാനങ്ങളിൽ എത്തിക്കുകയും ചെയ്യുക എന്നതിനാണ് സംസ്ഥാന സർക്കാർ മുൻഗണന നൽകിയത്. ഈ മഹാദൗത്യത്തിൽ കേന്ദ്ര-സംസ്ഥാന സംവിധാനങ്ങളും സ്വന്തം ജീവൻ പണയപ്പെടുത്തി മത്സ്യത്തൊഴിലാളികളും യുവാക്കളും സന്നദ്ധപ്രവർത്തകരും സജീവമായി അണിനിരന്നു. ഇവരോടൊപ്പം ജനപ്രതിനിധികളാകെയും ദുരിതാശ്വാസ പ്രവർത്തനത്തിലും ശുചീകരണ പ്രവർത്തനങ്ങളിലും സ്തുത്യർഹമായ പങ്ക് വഹിച്ചു. ഇവരുടെയെല്ലാം സേവനം അഭിമാനപൂർവ്വം അനുസ്മരിക്കുന്നതോടൊപ്പം ഇവരോടുള്ള കേരള സംസ്ഥാനത്തിന്റെ കടപ്പാടും നന്ദിയും ഈ സഭ രേഖപ്പെടുത്തുന്നു.

സമാനതകളില്ലാത്ത രക്ഷാപ്രവർത്തനങ്ങളുടെ ഫലമായി 3,879 ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചവരുടെ എണ്ണം 2018 ആഗസ്റ്റ് 21-ലെ കണക്കുപ്രകാരം 3,91,494 കുടുംബങ്ങളിൽപ്പെട്ട 14,50,707 പേർ ആണ്.

എന്നാൽ ദുരിതാശ്വാസ ക്യാമ്പുകളുടെ എണ്ണം ഇപ്പോൾ 305 ആയി കുറയുകയും ക്യാമ്പുകളിൽ കഴിയുന്നവരുടെ എണ്ണം 16,763 കുടുംബങ്ങളിൽ നിന്നുള്ള 59,296 പേർ ആയി കുറയുകയും ചെയ്തു. ദുരിതാശ്വാസ ക്യാമ്പുകളുടെ പ്രവർത്തനത്തിന് ആവശ്യമായ സാധന സാമഗ്രികളും ധനസഹായവും കേരളത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും മാത്രമല്ല സംസ്ഥാനത്തിന് പുറത്തുനിന്നും രാജ്യത്തിന് പുറത്തുനിന്നുപോലും പ്രവഹിക്കുന്ന ആവേശജനകമായ കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. ദുരിതാശ്വാസ ക്യാമ്പുകളിൽ ദൃശ്യമായ സൗഹാർദ്ദവും മൈത്രിയും, പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാനുള്ള ആത്മവിശ്വാസവും ദൃഢനിശ്ചയവും പ്രത്യേക പരാമർശം അർഹിക്കുന്നു. ഒരുമയുടെയും കൂട്ടായ്മയുടെയും മഹനീയ മാതൃകയായി ലോകം വിലയിരുത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങളാണ് കേരളത്തിൽ നടന്നത്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കേരളത്തിനകത്തും പുറത്തുമുള്ള മാധ്യമ പ്രവർത്തകർ വഹിച്ച പങ്ക് പ്രത്യേകമായ പ്രശംസ അർഹിക്കുന്നു. സ്വന്തം ജീവൻപോലും പണയപ്പെടുത്തിയാണ് നിരവധി മാധ്യമ പ്രവർത്തകർ ദുരന്ത ഭൂമിയിൽ എത്തി ദുരന്തത്തിന്റെ തീവ്രത പൊതു സമൂഹത്തിന്റെയും അധികാരികളുടെയും ശ്രദ്ധയിൽപ്പെടുത്തിയതെന്ന കാര്യം ഈ സഭ നന്ദിയോടെ

സ്മരിക്കുന്നു.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും തുടർന്നുള്ള പുനരധിവാസ-പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കും ആവശ്യമായ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തേണ്ടിയിരിക്കുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് എല്ലാ മേഖലകളിൽനിന്നും സംഭാവനകൾ ഗണ്യമായ തോതിൽ എത്തിക്കൊണ്ടിരിക്കുന്നു. ന്യായാധിപൻമാർ, സർക്കാർ ഉദ്യോഗസ്ഥർ, പ്രവാസികൾ, വ്യവസായികൾ, തൊഴിലാളികൾ, സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ, അഭിഭാഷകർ, വിദ്യാർത്ഥികൾ എന്നിങ്ങനെ എല്ലാ വിഭാഗങ്ങളും പരമാവധി സംഭാവന നൽകാൻ മുന്നോട്ടുവരുന്നുണ്ട്. കേരളത്തെ സ്നേഹിക്കുന്ന എല്ലാവരും ഈ മഹായത്നത്തിൽ സജീവ പങ്കാളികളാകും എന്ന കാര്യത്തിൽ സംശയമില്ല. എല്ലാത്തരം വിഭാഗീയ ചിന്താഗതികൾക്കും അതീതമായി കേരളത്തെ പുനർനിർമ്മിക്കാനുള്ള ദൃഢനിശ്ചയത്തോടെ ഒരു പുതിയ കൂട്ടായ്മയും യോജിപ്പിന്റെ ഒരു പുതിയ സംസ്കാരവും ഉയർന്നുവരുന്നുവെന്നതിൽ ഈ സഭ അഭിമാനവും സന്തോഷവും രേഖപ്പെടുത്തുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങളിലും കേരളത്തിന്റെ പുനർനിർമ്മാണത്തിലും എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിച്ചുകൊണ്ട്

മുന്നേറണമെന്ന് ഈ സഭ ആഹ്വാനം ചെയ്യുന്നു.

ഈ ആഘാതത്തിൽനിന്നും കരകയറുക മാത്രമല്ല, "കൂടുതൽ മെച്ചപ്പെട്ട നിലയിൽ പുനർനിർമ്മിക്കുക (Build Back Better)" എന്ന മാതൃക അവലംബിച്ചുകൊണ്ട് ഒരു പുതിയ കേരളം സൃഷ്ടിക്കുക എന്ന വലിയ ലക്ഷ്യത്തിലേക്ക് നീങ്ങുമ്പോൾ, അതിനാവശ്യമായ വിഭവ സമാഹരണം നടത്തുക എന്നത് അസാധാരണമായ വെല്ലുവിളികൾ ഉയർത്തുന്നു. ഇപ്പോൾ നൽകിയിട്ടുള്ള താത്കാലികമായ ആദ്യഗഡു എന്ന നിലയിലുള്ള 600 കോടി രൂപയ്ക്ക് പുറമെ നാശനഷ്ടങ്ങളുടെ അന്തിമ കണക്കുകളുടെ അടിസ്ഥാനത്തിൽ പുനരധിവാസത്തിനും പുനർനിർമ്മാണത്തിനും പര്യാപ്തമായ കേന്ദ്ര സഹായം അനുവദിക്കണമെന്ന് കേരള നിയമസഭയുടെ ഈ പ്രത്യേക സമ്മേളനം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു. പ്രളയക്കെടുതിയുണ്ടായപ്പോൾ പ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയും കേരളം സന്ദർശിക്കാനെത്തിയെങ്കിലും നവകേരള സൃഷ്ടിക്കായുള്ള തുടർ പ്രവർത്തനങ്ങളിൽ പൂർണ്ണമായ സഹകരണം ഇനിയും കേരളം പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ഇത്തരത്തിലുള്ള അതിബൃഹത്തായ ഒരു പുനരധിവാസ-പുനർനിർമ്മാണ പ്രവർത്തനം ഏറ്റെടുക്കുമ്പോൾ സാങ്കേതിക മേഖലയിലും

ധനസമാഹരണത്തിന്റെ കാര്യത്തിലും അന്താരാഷ്ട്രതലത്തിലുള്ള സഹകരണവും സഹായവും ആവശ്യമായി വരുന്നതാണ്. അതിനാൽ വിദേശ രാജ്യങ്ങൾ, ഐക്യരാഷ്ട്രസഭ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര ഏജൻസികൾ, ലോകബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ ഏജൻസികൾ എന്നിവ നൽകാൻ തയ്യാറുള്ള സാമ്പത്തിക-സാങ്കേതിക സഹായവും സഹകരണവും കേരളത്തിന്റെ താല്പര്യം സംരക്ഷിച്ചുകൊണ്ട് പുനർനിർമ്മാണത്തിന് പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ അനുകൂലമായ നിലപാട് സ്വീകരിക്കണമെന്നും കൂടുതൽ കേന്ദ്രസഹായം അനുവദിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു" എന്ന സബ്സ്റ്റാന്റീവ് മോഷൻ ഞാൻ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: സബ്സ്റ്റാന്റീവ് മോഷൻ അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

സബ്സ്റ്റാന്റീവ് മോഷൻ സഭ ഏകകണ്ഠേന അംഗീകരിച്ചിരിക്കുന്നു.